## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.222 — 18.02.2016 - ൽ മറുപടിയ്ക്ക്

# കൊക്കകോള ദുരിതബാധിതർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് കേന്ദ്രാനുമതി വാങ്ങാൻ, കഴിഞ്ഞ അഞ്ചുവർഷമായിട്ടും സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;<br><br>ബി) കേന്ദ്രത്തിലെ മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ട്രിബ്യൂണൽ രൂപീകരണ നിയമത്തിന് അംഗീകാരം നേടിയെടുക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;<br><br>സി) പ്രസ്തുത ബിൽ രാഷ്ട്രപതി അംഗീകാരം നൽകാതെ മടക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; | എ) യും ബി) യും സി) യും<br>കേരള നിയമസഭ പാസ്സാക്കിയ 'പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011', ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ 29/03/2011 - ൽ ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ |

അംഗീകാരത്തിനായി 19/09/2015 ൽ വീണ്ടും അയക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഡി) ദുരിതബാധിതർക്ക് നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാനായി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ;

ഇ) രാഷ്ട്രപതി ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് ബിൽ ഉടൻ പാസ്സാക്കാൻ തയ്യാറാകുമോ ?

ഡി) യും ഇ) യും: പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തുമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമവിദഗ്ധരുമായി കൂടി ആലോചിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ